നമ്പർ സി5/1007/2019/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 05-01-2021

## സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലേക്കും അതിന്റെ യൂണിറ്റിലേക്കും സീനിയർ ക്ലാർക്ക്/ക്ലാർക്ക്, യു.ഡി ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് എന്നീ തസ്തികകളിലെ ജീവനക്കാരുടെ അപേക്ഷ ക്ഷണിക്കുന്നത് സംബന്ധിച്ച്

സൂചന : 14-12-2020 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനം

സൂചന പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലേക്കും അതിന്റെ യൂണിറ്റിലേക്കും (പരീക്ഷാ ഭവൻ, ടെക്സ്റ്റ്ബുക്ക് ഓഫീസ്) അടിയന്തര സാഹചര്യങ്ങളിൽ നിയമിക്കാനായി സ്ഥലംമാറ്റം ആവശ്യമുള്ള ക്ലാർക്ക്/സീനിയർ ക്ലാർക്ക്, ടൈപ്പിസ്റ്റ് എന്നീ തസ്തികയിലെ ജീവനക്കാരുടെ അപേക്ഷ ക്ഷണിക്കുന്നു. പ്രസ്തുത ജീവനക്കാർ അപേക്ഷ ഓഫീസ് മേധാവി ശുപാർശ ചെയ്ത് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് 08-01-2021 നകം സമർപ്പിക്കേണ്ടതാണ്. വിദ്യാഭ്യാസ ഉപഡയറക്ടർ പ്രസ്തുത അപേക്ഷകൾ ശേഖരിച്ച് 12-01-2021 ന് വൈകുന്നേരം അഞ്ചു മണിക്കകം പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ പ്രത്യേക ദൂതൻ/ഇ-മെയിൽ (supdtc.dge@kerala.gov.in) മുഖേന എത്തിക്കേണ്ടതാണ്.

വകുപ്പുതല അച്ചടക്ക നടപടി നേരിടുന്ന ജീവനക്കാരുടെ അപേക്ഷകൾ പരിഗണിക്കുന്നതല്ല. ലഭിക്കുന്ന അപേക്ഷകളിൽ സീനിയർ ക്ലാർക്കിനും യു.ഡി ടൈപ്പിസ്റ്റിനും ആയിരിക്കും മുൻഗണന. അവരുടെ അഭാവത്തിൽ മാത്രമേ ക്ലർക്ക്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിലുള്ള ജീവനക്കാരെ പരിഗണിക്കുകയുള്ളൂ. ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്താത്തതും ജീവനക്കാർ നേരിട്ടു നൽകുന്നതുമായ അപേക്ഷകളൊന്നും പരിഗണിക്കില്ല.

അനിൽകുമാർ ആർ
PEN 575027
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (ജനറൽ)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ് :

1) പൊതുവിദ്യാഭ്യാസ ഡയറക്ടർ (സി.എ മുഖേന)
2) പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയക്ടർ (ജനറൽ & അക്കാദമിക്) (സി.എ മുഖേന)
3) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
4) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
5) എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
6) എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും
7) എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും

(3–7) ഔദ്യോഗിക വെബ് സൈറ്റ് മുഖേന

8) വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, തിരുവനന്തപുരം (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
9) കരുതൽ ഫയൽ